അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ ശതമാനം അനുസരിച്ച് ആനുപാതികമായും തുക അനുവദിക്കുന്നതാണ്. ഈ തുക പരമാവധി 50,000 രൂപയാണ്.

1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ സെക്ഷൻ 4 അനുസരിച്ച് മരണമടയുന്നതും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നതുമായ ബോർഡ് ജീവനക്കാരുടെ വയസ്സിന്റെയും 4,000 രൂപ പ്രതിമാസ ശമ്പള പരിധിയുടെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക കണക്കാക്കുന്നു. മരണപ്പെട്ട കേസുകളിൽ ടി തുക ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ (വർക്ക്മെൻ കോമ്പൻസേഷൻ) ഓഫീസിൽ കെട്ടിവച്ച് നിയമപ്രകാരമുള്ള ആശ്രിതർക്ക് നൽകി വരുന്നു.

വൈദ്യുതോൽപ്പാദന മേഖലയിലെ പ്രതിസന്ധി

4 (1648) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന മേഖല ഇപ്പോൾ പ്രതിസന്ധിയിലായിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പ്രതിസന്ധികളാണ് ഇപ്പോൾ നേരിടുന്നത് ;

(ബി) വൈദ്യുതി മേഖലയിലെ ഈ പ്രതിസന്ധിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; പ്രതിസന്ധി സംജാതമാകുന്നതിനിടയാക്കിയ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിലെ ക്രമീകരണങ്ങളിലുണ്ടായ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) പദ്ധതികളുടെ ഭാഗമായുള്ള റിസർവ്വോയറുകളിൽ സംഭരിക്കുന്ന ജല വിനിയോഗത്തിൽ ഏതെല്ലാം നിലയിലുള്ള പാളിച്ചകൾ ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) താപ വൈദ്യുതിയുടെ അധിക ചെലവിന്റെ പേരിൽ മൂന്നു തവണ ചാർജ് വർദ്ധിപ്പിച്ച ബോർഡ്, ഇപ്പോഴും വിലയേറിയതാണെന്ന നിലയിൽ താപവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദനം നടത്താതെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ വർഷം മഴ കുറവായതിനാൽ ജലസംഭരണികളിൽ ശേഖരിക്കപ്പെട്ട വെള്ളത്തിൽ വന്ന കുറവും, ഇടവപ്പാതി വൈകിയതുമൂലവും സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനമേഖലയിൽ പ്രതിസന്ധി ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. കഴിഞ്ഞ വർഷം ലഭിച്ച മഴയുടെ കുറവുമൂലവും ഇടവപ്പാതി വൈകിയതുമൂലവുമാണ് പ്രതിസന്ധി ഉണ്ടായത്.

(സി) വിലയിരുത്തുകയുണ്ടായി. വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) പാളിച്ചകളൊന്നും ഉണ്ടായിട്ടില്ല.

(ഇ) മൂന്നു തവണ ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. വൈദ്യുത ബോർഡിന്റെ താപ നിലയങ്ങളായ കോഴിക്കോട്, ബ്രഹ്മപുരം എന്നീ ഡീസൽ നിലയങ്ങളിലും ഐ. പി. പി. കളിലും പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം കുറഞ്ഞതുകൊണ്ടുള്ള വൈദ്യുത കമ്മി നികത്തുന്നതിനുവേണ്ടിയാണ് അധിക ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്.

കേരളത്തിൽ പീക്ക് സമയങ്ങളിലെ ഉപഭോഗം, മറ്റു സമയങ്ങളിൽ ഉള്ളതിനേക്കാൾ ഏതാണ്ട് ഇരട്ടിയാണ്. പീക്ക് സമയങ്ങളിൽ ജലവൈദ്യുതി മാത്രം മതിയാവുകയില്ല. എന്നാൽ താപ വൈദ്യുത നിലയങ്ങൾ പീക്ക് സമയത്ത് മാത്രമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതിനാൽ താപ വൈദ്യുതി ഉപയോഗിച്ച് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല.

വൈദ്യുതി ബോർഡിന്റെ കടവും വായ്പാചെലവും

5 (1649) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1991 മാർച്ച് 31, 1996 മാർച്ച് 31, 2001 മാർച്ച് 31 എന്നീ തീയതികളിൽ വൈദ്യുതി ബോർഡിന്റെ കടവും വായ്പാചെലവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുപ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ വിവിധ വർഷങ്ങളിലെ കടവും വായ്പാചെലവും ചുവടെ ചേർക്കുന്നു.

വർഷം	മൊത്തം കടം (രൂപ കോടിയിൽ)
31-3-1991	951.55
31-3-1996	1,839.05
31-3-2001	4,571.41

LIBRARY ARCHIVES Kerala Legislative Assembly